(സി) സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചതിന് ശേഷം നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഒന്നും പ്രസ്തുത റോഡുകളിൽ ആരംഭിച്ചിട്ടില്ല.

(ഡി) അലൈൻമെന്റ് അംഗീകരിച്ചിട്ടില്ല. വിശദമായ ശുപാർശകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി

99 [1221] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഇതനുസരിച്ച് എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ; എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരും ; ഇതിന് എത്ര തുക വേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; ഇതുവരെ ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദമായ പദ്ധതി രൂപരേഖ ഉണ്ടാക്കാൻ ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചെങ്കിലും പൊതുവേയുണ്ടായ എതിർപ്പുമൂലം ഈ പദ്ധതി മുടങ്ങി കിടക്കുകയാണ്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കഴിഞ്ഞശേഷം മാത്രമേ ഈ വക വിശദാംശം ലഭ്യമാകുകയുള്ളൂ.

(സി) ഇല്ല. എന്നാൽ പദ്ധതി രൂപരേഖ തയ്യാറാക്കാൻ നിയോഗിച്ച സ്വകാര്യ കമ്പനിയുടെ പരിശോധനാ വ്യവസ്ഥകളിൽ ഈ പഠനവും ഉൾപ്പെടുത്തിയിരുന്നു.

(ഡി) മൊത്തം പദ്ധതി ചെലവ് വിശദമായ പഠനത്തിന് ശേഷമേ അറിയാൻ കഴിയൂ. കേരളാ റോഡ് ഫണ്ട് ബോർഡിൽ നിന്നും ഈ പദ്ധതിക്കായി 1,03,00,000 രൂപ ചെലവായി.

(ഇ) തയ്യാറാക്കിയിട്ടില്ല.

(എഫ്) മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യത്തിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly